മലയാള മനോരമ 2002 ഡിസംബർ 19 വ്യാഴം

# ബ്രിട്ടനിൽ മലയാളം പോഷിപ്പിക്കാൻ യത്നം

തിരുവനന്തപുരം: വിദേശ മലയാളികളുടെ രണ്ടാംതലമുറയും മൂന്നാം തലമുറയും മലയാളം മറക്കുന്നുവെന്ന ആശങ്ക നിലനിൽക്കുമ്പോൾ, മലയാളത്തിന്റെ ചന്ദനസുഗന്ധം നിലനിർത്താൻ ബ്രിട്ടനിൽ പരിശ്രമം. അവിടെ കാമ്പർലേയിൽ ആറുവർഷം മുൻപ് 13 മലയാളികുടുംബങ്ങൾ ചേർന്നു രൂപംകൊടുത്ത കേരള ആർട്സ് ആൻഡ് ലിറ്റററി അസോസിയേഷൻ (കല) ആണ് മലയാളം പരിപോഷിപ്പിക്കാൻ യത്നിക്കുന്നത്. ഇപ്പോൾ ബ്രിട്ടനിലെങ്ങും 'കല'യ്ക്ക് അംഗങ്ങളുണ്ട്.

വർഷത്തിൽ രണ്ടുപ്രാവശ്യം കല പ്രസിദ്ധീകരിക്കുന്ന 'പാംലീഫ്' എന്ന ബുള്ളറ്റിനിലെ ലേഖനങ്ങളിൽ പകുതിയിലധികവും മലയാളത്തിലാണ്. വിദേശ മലയാളികൾതന്നെയാണ് ലേഖനങ്ങൾ ലണ്ടനിൽ ടൈപ്പ് സെറ്റ് ചെയ്യുന്നതും.

മലയാളഭാഷയും കലാരൂപങ്ങളും പരിശീലിപ്പിക്കാനുള്ള ക്ലാസുകളും ഇതോടൊപ്പം നടത്തുന്നുണ്ട്. ഭാവിയിലെന്നെങ്കിലും കേരളത്തിൽ വേരുകൾ തേടിപ്പോകാൻ പുതിയതലമുറയിലെ വിദേശമലയാളി ആഗ്രഹിച്ചാൽ അതിനു പ്രയോജനപ്പെടാനാണ് ഈ പരിശീലനമെന്നു കലയുടെ സ്ഥാപക പ്രസിഡന്റ് ഡോ. പി. കെ. സുകുമാരൻ നായർ പറഞ്ഞു.

ശിശുരോഗ വിദഗ്ധനായ ഡോ. നായർ 25 വർഷമായി ബ്രിട്ടനിലാണ്. ഇദ്ദേഹം തിക്കുറിശി സ്വദേശിയാണ്. കരുനാഗപ്പള്ളിയിലെ സി.എസ്. സുബ്രഹ്മണ്യംപോറ്റിയുടെ മകൾ ഡോ. സേതുലക്ഷ്മിയാണു ഭാര്യ.

എല്ലാവർഷവും ബ്രിട്ടനിൽ സാംസ്കാരിക മേള സംഘടിപ്പിക്കുന്ന കല ഈവർഷം നെടുമുടി വേണുവിനെ പുരസ്കാരം നൽകി ആദരിച്ചു. എൻ. എൻ. പിള്ള രചിച്ച നാടകവും അവതരിപ്പിച്ചു.

കഴിഞ്ഞവർഷം കോഴിക്കോട്ട് സാഹിത്യ സമ്മേളനം സംഘടിപ്പിച്ചിരുന്നു. രണ്ടുവർഷംമുൻപ് കേരളത്തിലെ വിദ്യാർഥികൾക്കായി ചെറുകഥാ മൽസരവും നടത്തി.

കലയുടെ പ്രവർത്തനങ്ങളിൽ താൽപര്യമുള്ള മലയാളികൾക്ക് കാലിക വിലാസത്തിൽ (kala.uk.org) ബന്ധപ്പെടാം.